പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **4561** 25-06-2019 -ൽ മറുപടിക്ക്

# കൈപ്പമംഗലത്തെ കടലേറ്റം തടയാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ | | ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) | കേരളത്തിലെ ഏറ്റവും വലിയ തീരദേശ മണ്ഡലങ്ങളിലൊന്നായ കൈപ്പമംഗലം മണ്ഡലത്തിലെ എറിയാട്, എടവിലങ്ങ് എന്നീ ഗ്രാമപഞ്ചായത്തുകളിലെ തീരപ്രദേശങ്ങളിൽ നിരന്തരമായുണ്ടാകുന്ന കടൽ ക്ഷോഭവും കടലേറ്റവും മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ), | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | കടൽക്ഷോഭം മൂലം വീടുകൾ തകരുകയും ഇത്തരത്തിലുള്ള പ്രകൃതിദുരന്തത്തിനു വിധേയമാവുകയും ചെയ്ത എടവിലങ്ങ്, എറിയാട് എന്നീ പഞ്ചായത്തുകളിൽ ,കഴിഞ്ഞ മൂന്ന് വർഷക്കാലം എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി), | കടൽക്ഷോഭം മൂലം വീടും സ്ഥലവും നഷ്ടപ്പെട്ട തൃശ്ശൂർ ജില്ലയിലെ ഏറിയാട് ഗ്രാമപഞ്ചായത്തിലെ 2 ഗുണഭോക്താക്കൾക്ക് അഭയം പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകിയിട്ടുണ്ട്. കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ ലാന്റ് & ഹൗസ് 2017-18 പദ്ധതിയിൽ എറിയാട്, എടവിലങ്ങ് എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഇതിൽ 4 ഗുണഭോക്താക്കൾ ഓഖി ദുരന്തത്തിൽ പെട്ടവരാണ്. ഇതിന് പുറമെ ഹൗസിംഗ് 2017-18 എന്ന പദ്ധതിയിൽ 50 മീറ്റർ ദൂര പരിധിയിൽ താമസിക്കുന്നതും 200 മീറ്ററിന് വെളിയിൽ സ്വന്തമായി ഭൂമിയുള്ളതുമായ 4 മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം നൽകി യിട്ടുണ്ട്. കൂടാതെ കടൽക്ഷോഭം മൂലം നാശനഷ്ടം ഉണ്ടായിട്ടുള്ള വീടുകളുടെ പുനർനിർമ്മാണത്തിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്. കടൽക്ഷോഭം ഉണ്ടാകുന്ന |

| | | | |
|---|---|---|---|
| | | | സമയങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിച്ചിരുന്നതും ക്യാമ്പിലുള്ളവർക്ക് എല്ലാവിധ സഹായങ്ങളും നൽകി വന്നിട്ടുള്ളതുമാണ്. |
| സി) | ഇപ്രകാരം നഷ്ടപ്പെട്ട എത്ര വീടുകൾക്ക് നഷ്ടപരിഹാരം നൽകി ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഭാഗികവും പൂർണ്ണവുമായി വീട് നഷ്ടപ്പെട്ടവർക്ക് വീട് ലഭ്യമാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | സി) | എറിയാട്, എടവിലങ്ങ് എന്നീ ഗ്രാമപഞ്ചായത്തുകളിലായി പൂർണ്ണമായും തകർന്ന 15 വീടുകൾക്ക് ഫിഷറീസ് വകുപ്പ് മുഖേന ധനസഹായം നൽകിയിട്ടുണ്ട്. ഇത് കൂടാതെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും പൂർണ്ണമായും വീട് നശിച്ച 42 കുടുംബങ്ങൾക്കായി 30,43,200/- (മുപ്പത് ലക്ഷത്തി നാല്പത്തി മൂവായിരത്തി ഇരുന്നൂറ് രൂപാ മാത്രം) രൂപയും ഭാഗിക നാശം സംഭവിച്ച 508 കുടുംബങ്ങൾക്ക് 19,54,245/- (പത്തൊമ്പത് ലക്ഷത്തി അമ്പത്തിനാലായിരത്തി ഇരുന്നൂറ്റി നാല്പത്തിയഞ്ച് രൂപാ മാത്രം) രൂപയും അനുവദിച്ചിട്ടുണ്ട്. |
| ഡി) | ഈ ഭാഗത്ത് പ്രത്യേകമായുണ്ടാകുന്ന കടലേറ്റത്തെക്കുറിച്ച് ശാസ്ത്രീയമായ പഠനം നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ? | ഡി) | ഇത്തരം പഠനങ്ങൾ നടത്തുവാൻ കേരള സർക്കാരിന് നിലവിൽ ഒരു പഠന കേന്ദ്രം ഇല്ല. മുൻപ് ഭൗമ ശാസ്ത്ര പഠന കേന്ദ്രം (CESS) കേരള സർക്കാരിന്റെ നിയന്ത്രണത്തിലായിരുന്നപ്പോൾ ലോക നിലവാരത്തിൽ ഇത്തരം പഠനങ്ങൾ നടത്തി സർക്കാരിന് റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. നിലവിൽ ഇത്തരം പഠനങ്ങൾക്കായി കേന്ദ്ര ഏജൻസികളെയാണ് ആശ്രയിക്കേണ്ടി വരുന്നത്. തീരപ്രദേശങ്ങളിലെ തീരദേശ വ്യതിയാനം (Littoral Drift - കരയ്ക്ക് സമാന്തരമായുള്ള മണലിന്റെ തെക്കോട്ടും വടക്കോട്ടുമുള്ള സഞ്ചാരം), പുലിമുട്ടുകളുടെ സാധ്യത എന്നിവയെക്കുറിച്ചുള്ള മാത്തമറ്റിക്കൽ മോഡൽ സ്റ്റഡി നടത്തുന്നതിനോടൊപ്പം റിമോട്ട് സെൻസിംഗ് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി തീരശോഷണത്തെപ്പറ്റിയുള്ള ഒരു പഠനത്തിന് പൂനെയിലുള്ള കേന്ദ്ര ഏജൻസിയായ CWPRS (*Central Water and Power Research Station)* -നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തീരശോഷണത്തെപ്പറ്റിയുള്ള പഠനം പുരോഗമിച്ചു വരുന്നു. ഇത് കൂടാതെ തീരപ്രദേശങ്ങ ളിലുണ്ടാകുന്ന പ്രാദേശിക കടലാക്രമണത്തെ പ്രതിരോധിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് മുമ്പ് ഐ.ഐ.റ്റി. ചെന്നൈ, CWPRS തുടങ്ങിയ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തി പഠനങ്ങൾ നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ